**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5859** **04.11.2016-ൽ മറുപടിയ്ക്ക്**

**കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി. ദിവാകരൻ :** | | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (എ) | കേരള നിയമസഭ പാസ്സാക്കിയ കേരള റോഡ് ഫണ്ട് ആക്ട് 2001 പ്രകാരമാണ് കേരള റോഡ് ഫണ്ട് ബോർഡ് സ്ഥാപിതമായത്. 22.02.2002-ലാണ് കേരള റോഡ് ഫണ്ട്ബോർഡ് പ്രവർത്തനം ആരംഭിച്ചത്. കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം സ്വരൂപിക്കപ്പെടുന്ന ഫണ്ട് വിനിയോഗിച്ച് നടത്തപ്പെടുന്ന ഗതാഗത വികസന പദ്ധതികളുടെ മേൽനോട്ടം വഹിക്കുകയാണ്കേരള റോഡ് ഫണ്ട് ബോർഡിന്റെ മുഖ്യ പ്രവർത്തന ലക്ഷ്യം. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു സ്വകാര്യ പങ്കാളിത്ത<br><br>ത്തോടെ നടപ്പാക്കിയ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. രണ്ടാമത്തെ പദ്ധതിയായ കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇവ കൂടാതെ ആലപ്പുഴ, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിലും സമാന രീതിയിൽ നഗര റോഡു വികസന പദ്ധതി നടപ്പാക്കുന്നതിന് ബോർഡ് നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) ഇതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | KIIFB -യുടെ ഫണ്ട് ഉപയോഗിച്ചുള്ള റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് നിയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ